"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി- ആലപ്പുഴ കടൽപ്പാല(Sea Pier) നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഡിസൈനും, ഡ്രോയിംഗും അംഗീകരിക്കുന്നതിലേയ്ക്കായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.36/2025/TSM തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:-
1. സ.ഉ(സാധാ) നം 23/2024/ടൂറിസം തീയതി 16-01-2024.
2. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 06-01-2025 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 17-01-2025 തീയതിയിലെ DOT/10687/2023-P3. നമ്പർ കത്ത്.

**ഉത്തരവ്**

കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 06-01-2025 ന് ചേർന്ന യോഗ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ച ശേഷം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുമായി ബന്ധപ്പെട്ട ആലപ്പുഴ കടൽപ്പാല (Sea Pier) നിർമ്മാണ പ്രവൃത്തിയുടെ ഡിസൈനും, ഡ്രോയിംഗും അംഗീകരിക്കുന്നതിലേയ്ക്കായി ചുവടെ പരാമർശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ് - ചെയർമാൻ
2. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
4. ശ്രീ. മോഹൻകുമാർ എൻ., പി.എം.സി. കോർഡിനേറ്റർ, ഇൻകെൽ ലിമിറ്റഡ് (Rtd. Chief Engineer, Harbor Engineering Department)
5. ശ്രീ. മോഹനൻ കെ., സീനിയർ പ്രോജക്ട് ഡയറക്ടർ , ഇൻകെൽ ലിമിറ്റഡ്(Rtd. Superintendent Engineer , Harbor Engineering Department) .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

കമ്മിറ്റി അംഗങ്ങൾക്ക് (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/118/2023-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 24-01-2025 17:02:52

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.